**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3677 **15.07.2015** ലെ മറുപടിക്ക്

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം കൊറ്റുകുളം പട്ടികജാതി കോളനിയെയും 2013-14 സാമ്പത്തിക വർഷം പാറനിരപ്പകുന്ന് കോളനി, കൊറ്റിയോട്ടുകുന്ന് കോളനി, ചെമ്പകമൂല കോളനി, എന്നീ കോളനികളെയും ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഓരോ പട്ടികജാതി കോളനിയിലും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | കൊറ്റുകുളം പട്ടികജാതി കോളനിയിലെ പൂച്ചലാക്കൽറോഡിന്റെയും റാമ്പിന്റെയും പാർശ്വഭിത്തി സംരക്ഷണം, കൊറ്റുകുളം അംഗനവാടിക്ക് സമീപമുള്ള നടപ്പാതയുടെ പുനരുദ്ധാരണം, പനിച്ചേടത്ത് കുന്നിലെ നടപ്പാത നിർമ്മാണം, കിണർ നിർമ്മാണം, ആഡിറ്റോറിയത്തിന്റെ അറ്റകുറ്റപണികൾ എന്നിവ പൂർത്തീകരിച്ചു.<br>കൊറ്റിയാട്ടുകുന്ന്, പാറനിരപ്പ്കുന്ന് കോളനി, ചെമ്പകമൂല എന്നീ മൂന്ന് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ? | (സി) | തെരഞ്ഞെടുക്കപ്പെട്ട 4 കോളനികളിലെയും നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ